(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

പി.എസ്.സി.-യിലെ ബൈടാൻസ്റ്റർ നിയമനം

49 (3555) <u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലെ തന്നെ ഏറ്റവും വിശ്വാസയോഗ്യമായ കേരള പി.എസ്.സി. അടുത്തകാലത്തായി ജീവനക്കാർക്കെതിരെ ചട്ടവിരുദ്ധമായ തീരുമാനങ്ങൾ എടുക്കുന്നതും, പരീക്ഷ നടത്തിപ്പു സംബന്ധിച്ച ക്രമക്കേടുകളുടെ വിവരങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? എങ്കിൽ അത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) താഴ്ന്ന വിഭാഗം ജീവനക്കാർക്ക് 2005-ൽ 2 ശതമാനവും 2010-ൽ 4 ശതമാനവും ആണ് അസിസ്റ്റന്റായി പ്രൊമോഷൻ നൽകിയത്. സർക്കാർ ഉത്തരവിന് വിരുദ്ധമായി നോട്ട് എഴുതി കമ്മീഷനെ തെറ്റിധരിപ്പിച്ച് തീരുമാനം എടുപ്പിച്ചതുമൂലം 2011 ഫെബ്രുവരിയിൽ പി.എസ്.സി. യിൽ ഒരു ഉദ്യോഗസ്ഥന്, ഈ വിഭാഗം ജീവനക്കാർക്ക് ലഭിച്ചിരുന്ന ബൈടാൻസ്റ്റർ പ്രൊമോഷൻ കഴിഞ്ഞ മൂന്ന് വർഷമായി 125 അസ്സിസ്റ്റന്റ് ഒഴിവുവന്നിട്ടും ലഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന് കാരണക്കാരായ ഉദ്യോഗസ്ഥനെ മാതൃകാപരമായി ശിക്ഷിക്കുകയും സർക്കാർ നിശ്ചയിച്ച ശതമാനത്തിൽ ടി പ്രൊമോഷൻ നല്കുകയും ചെയ്യുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) അസിസ്റ്റന്റ് തസ്തികയിലേക്ക് താഴ്ന്ന ശമ്പള വിഭാഗം ജീവനക്കാർക്ക് തസ്തികമാറ്റം വഴി പ്രത്യേക ക്വാട്ട അനുവദിച്ചുകൊണ്ട് നിലവിലുള്ള 17-5-2010-ലെ സർക്കാർ ഉത്തരവ് G.O.(MS)No.196/10/GAD പ്രകാരം അസിസ്റ്റന്റ് തസ്തികയുടെ കേഡർ സ്ട്രെങ്ത്തിന്റെ 4% മാണ് തസ്തികമാറ്റം വഴി താഴ്ന്ന ശമ്പള വിഭാഗക്കാർക്ക് നൽകുന്നത് പി.എസ്.സി. യിലെ അസിസ്റ്റന്റ് സ്ട്രെങ്ത് ആയ 227 ന്റെ 4% ആയ 9 പേർക്ക് 2010-ലെ സർക്കാർ ഉത്തരവിന് ശേഷം താഴ്ന്ന ശമ്പള വിഭാഗത്തിൽനിന്നും തസ്തിക മാറ്റം വഴി നിയമനം നൽകിയിട്ടുണ്ട്. ഇതിൽ ഉദ്യോഗസ്ഥക്കയറ്റം, വിടുതൽ, വിരമിക്കൽ എന്നിവമൂലം പ്രാതിനിധ്യത്തിൽ കുറവ് വരുന്നമുറയ്ക്ക് തുടർ നിയമനം നൽകുന്നതാണ്. നിലവിലെ സർക്കാർ ഉത്തരവിന് വിരുദ്ധമായി നിയമനങ്ങൾ നടന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly